1

# പഴയനിയമത്തിൽ ചടങ്ങും മനസ്സിലാക്കലും

*"ഹനനയാഗം നീ ഇച്ഛരിക്കുന്നില്ല, എങ്കിൽ ഞാൻ അർപ്പിക്കുമായിരുന്നു; ഹോമയാഗത്തിൽ നിനക്കു പ്രസാദവുമില്ല. ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്; തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവ മേ, നീ നിരസിക്കയില്ല" (സങ്കീർത്തനങ്ങൾ 51:16, 17).*

സ്നാനം എന്ന പ്രവൃത്തിയിൽ ഒരു ചടങ്ങ് ആഘോഷം എന്നതിലുപരിയായി പാപങ്ങളെ നീക്കുവാൻ അതിൽ സ്വതവേ ഒരു ശക്തിയോ ഒരു കഴിവോ ഇല്ല, എന്നു വിലയിരുത്തുന്നവർ ഉണ്ട്. സ്നാനത്തിന്റെ സ്വഭാവം, അന്വേഷിക്കുന്നവർ ചോദിക്കേണ്ട ചോദ്യം, "പഴയനിയമത്തിലായാലും പുതിയനിയമത്തിലായാലും ദൈവവുമായുള്ള ബന്ധം ഉദ്ദേശരഹിതമായ ആഘോഷമോ, ക്രൂദാശയോ, ചടങ്ങോ ദൈവം നമ്മിൽ നിന്നു ആവശ്യപ്പെടുമോ?" ഒരാളുടെ ഹൃദയത്തിൽ എന്താണെന്നു നോക്കാതെ, വെറുമൊരു പ്രവൃത്തി ദൈവം എപ്പോഴെങ്കിലും സ്വീകരിക്കുമോ?

ദൈവത്തോടുള്ള പ്രതികരണത്തിലുള്ള എല്ലാ പ്രവൃത്തി കളിലും ഒരേ തത്വമല്ല അടങ്ങിയിരിക്കുന്നതു. ഒരാൾ ദൈവത്താൽ അംഗീകരിക്കപ്പെടുന്നതിനോ ദൈവത്തിൽ അനുഗ്രഹം പ്രാപിക്കുന്നതിനോ ചുരുങ്ങിയത് അഞ്ച് തത്വങ്ങൾ നയിക്കുന്നു:

(1) *മാനുഷിക പ്രവൃത്തികൾ കൂടാതെയുള്ള* ഒരു വ്യക്തി യുടെ *വിശ്വാസാടിസ്ഥാനത്തിന്മേൽ അനുഗ്രഹിക്കപ്പെടുന്നു.*

(2) വിശ്വാസം ആവശ്യപ്പെടുന്ന *അന്ധമായ അനുസരണത്തി*

*മേൽ നൽകപ്പെടുന്ന അനുഗ്രഹം, അതായത്, ഒരു അനുഗ്രഹത്തിലുള്ള വിശ്വാസം മനസിലാക്കാതെയുള്ള പ്രവൃത്തി എന്നർത്ഥം.*

(3) അനുഗ്രഹം നേടിയെടുക്കാവുന്ന *വിശ്വാസത്തിന്റെയും പ്രവൃത്തിയുടേയും അടിസ്ഥാനത്തിൽ നൽകുന്ന അനുഗ്രഹം.*

(4) *അതിൽ തന്നെ പ്രയോജനം നേടിയെടുക്കാൻ പറ്റാത്ത വിശ്വാസവും പ്രവൃത്തിയും ഉള്ളതിനാൽ നൽകപ്പെടുന്ന അനുഗ്രഹം.* ഇത്തരം പ്രവൃത്തികൾ അനുഗ്രഹം പ്രതീക്ഷിക്കുന്ന – ആൾക്കു സ്പഷ്ടമായ ബന്ധമില്ല, എന്നാൽ അതിനു പിൻപറ്റുന്നതിന്റെ കാരണം ദൈവത്തിലുള്ള വിശ്വാസം പ്രയോജനം സിദ്ധിക്കുന്നു എന്നതാണ്.

(5) വിശ്വാസമുള്ള ആൾക്കല്ല മറിച്ച് *മറ്റൊരാൾക്കാണ്* അനുഗ്രഹം *നൽകപ്പെടുന്നത്.*

അഞ്ചിൽ നാലു തത്വങ്ങൾ (അന്ധമായ അനുസരണം) അനുഗ്രഹം; ഏതെങ്കിലും, വിധത്തിൽ വിശ്വാസത്തിൽ അധിഷ്ടിതമാണ്. എന്നിരുന്നാലും മനസ്സിലാക്കലും ദൈവം ആവശ്യപ്പെടുന്ന തനുസരിച്ചുള്ള ആവശ്യങ്ങളാണ്. ഇതിനുള്ള ചില ബൈബിൾ ഉദാഹരണങ്ങൾ പരിഗണിക്കുക:

### (1) വിശ്വാസം മനുഷ്യയോഗ്യത കൂടാതെയുള്ള പ്രവൃത്തി

മാനുഷിക യോഗ്യതയോ പ്രവൃത്തിയോ കൂടാതെ വിശ്വാസത്താൽ ലഭിക്കുന്ന അനുഗ്രഹത്തിന് അബ്രഹാമിന്റെ ജീവിതത്തിലെ ഒരു സംഭവം ഉദാഹരണമായി. ആകാശത്തിലെ നക്ഷത്രങ്ങളെപോലെ സന്തതികൾ ആകുമെന്ന് ദൈവം അബ്രഹാമിനോടു അരുളി ചെയ്തു. "അവൻ യഹോവയിൽ വിശ്വസിച്ചു; അതു അവന്നു നീതിയായി കണക്കിട്ടു" (ഉല്പത്തി 15:6). ഈ കാര്യത്തിൽ, അബ്രഹാമിൽ നിന്നു ദൈവം ഒരു പ്രവൃത്തിയും ആവശ്യപ്പെട്ടില്ല, മറിച്ചു അവന്റെ വിശ്വാസത്താൽ ദൈവം അവനെ നീതിമാനായി കണക്കാക്കി.

### (2) അന്ധമായ അനുസരണം

അന്ധമായ അനുസരണത്തിന്റെ മാതൃക2രാജാക്കന്മാർ 13:14–19 വരെയുള്ള ഭാഗത്തു കാണാം. എലീശാ, യോവാശ്‌രാജാവിനോ ടു പറഞ്ഞു, കിഴക്കേ കിളിവാതിൽ തുറന്നു എയ്ക എന്ന്. യോവാശ് എയ്തു. എലീശാ പറഞ്ഞു, "അത് യഹോവയുടെ ജയാസ്ത്രം, അരാമ്യർക്കു നേരേയുള്ള ജയാസ്ത്രം തന്നേ; നീ അഫേക്കിൽ വച്ചു അരാമ്യരെ തോല്പിച്ചു അശേഷം സംഹരിക്കും എന്നു പറഞ്ഞു" (2 രാജാക്കന്മാർ 13:17). അമ്പ് എടുത്തു നിലത്തടിക്ക എന്ന് യെലീശയോ വാശ് രാജാവിനോടു പറഞ്ഞു. യോവാശ് മൂന്നു പ്രാവശ്യം

അടിച്ചു നിർത്തി. അപ്പോൾ ദൈവപുത്രൻ അവനോടു കോപിച്ചു, "നീ അഞ്ചാറു പ്രാവശ്യം അടിക്കേണ്ടിയിരുന്നു, എന്നാൽ നീ അരാമ്മ്യരെ തോല്പിച്ചു അശേഷം സംഹരിക്കുമായിരുന്നു. ഇപ്പോഴും നീ അരാമ്മ്യ മൂന്നുപ്രാ വശ്യം മാത്രം തോല്പിക്കും എന്നു പറഞ്ഞു" (2 രാജാക്കന്മാർ 13:19).

യോവാശിന്റെ പ്രവൃത്തി *വിശ്വാസത്താൽ* ദൈവത്തിൽ നിന്നു ലഭിക്കുന്ന അനുസരണത്തിന്റെ മാതൃകയായിരുന്നില്ല, പിന്നെയോ *അന്ധമായ അനുസരണമായിരുന്നു.* അവൻ അമ്പ് എയ്യേണ്ടതിന്റേയും അടിക്കുന്നതിന്റേയും *ഉദ്ദേശം* എലീശ യോവാശിനോടു പറയാമായിരുന്നു; അങ്ങനെ യോവാശ് ചെയ്തിരുന്നുവെങ്കിൽ അതു ദൈവാനുഗ്രഹത്തിനു വിശ്വാസത്തിന്റെ പ്രവൃത്തിയായി തീർന്നേനേ, അങ്ങനെ അവൻ അനുസരിച്ചപ്പോൾ ദൈവം വാഗ്ദാനം ചെയ്ത അനുഗ്രഹങ്ങൾ അവനു നിറവേറ്റിക്കൊടുക്കുകയും, അവൻ വിജയിക്കുകയും ചെയ്യുമായിരുന്നു. അവനു ലഭിക്കുവാനുള്ള അനുഗ്രഹത്തെകുറിച്ചു അനുസരിക്കുന്നതിനു മുമ്പ് മനസ്സിലാകാ*തിരുന്നതു* കൊണ്ട് തന്റെ പ്രവർത്തികൾക്കുള്ള പ്രതിഫലത്തിന് അവനു വിശ്വസിക്കാൻ കഴിയുമായിരു*ന്നില്ല.* അവന്റെ പ്രവർത്തികൾ അന്ധമായ അനുസരണ ഫലമായിരുന്നു.

### (3) നേടുന്നതിനുള്ള വിശ്വാസവും പ്രവൃത്തിയും

പ്രയോജനത്തിനു *നേട്ടമുണ്ടാക്കുന്ന* പ്രവൃത്തികൾ ചെയ്യുന്നവർക്കുള്ള വിശ്വാസത്തിന്റെ മാതൃകയാണ് പെട്ടകമുണ്ടാക്കിയ നോഹ. ഒഴിച്ചു കൂടാനാവാത്ത ജലപ്രളയവും തന്റെ കുടുംബത്തിന്റെ രക്ഷയും തമ്മിലുള്ള ബന്ധം നോഹയ്ക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു, എന്നാൽ ദൈവത്തിന്റെ വെളിപ്പാടു കൂടാതെ തന്റെ കുടുംബത്തെ രക്ഷിക്കുവാൻ ഒരു പെട്ടകം ഉണ്ടാക്കുന്നതെന്തിനാണെന്നു അവനു മനസ്സിലാക്കാൻ *കഴിഞ്ഞിരുന്നില്ല.* ജലപ്രളയം വരുമെന്നു അവൻ ദൈവത്തിൽ വിശ്വസിക്കേണ്ടിയിരുന്നു. ആ വിശ്വാസം അവനെ പെട്ടകം ഉണ്ടാക്കി, തന്നെയും തന്റെ കുടുംബത്തിന്റേയും, മറ്റു ജീവനുള്ളവയുടേയും രക്ഷയ്ക്കു പ്രവർത്തിപ്പാൻ പ്രേരിപ്പിച്ചു. അവന്റെ വിശ്വാസം പ്രവൃത്തിയിലേയ്ക്കു നീങ്ങി, അതു *നേട്ടമുണ്ടാക്കി.* അതുതന്നെയും കുടുംബത്തേയുംരക്ഷിച്ചു. ദൈവം പെട്ടകം ഉണ്ടാക്കുകയോ പെട്ടകത്തെ രക്ഷയ്ക്കായി വഹിക്കുകയോ ചെയ്തില്ല. പെട്ടക നിർമ്മാണം നോഹയുടെ പ്രവൃത്തിയായിരുന്നു, പെട്ടകത്തെ വഹിച്ചതു പ്രളയജലമായിരുന്നു.

### (4) നേടിയെടുക്കാൻ പറ്റാത്ത വിശ്വാസവും പ്രവർത്തിയും

ഒരാൾക്കു ദൈവത്തിലുള്ള വിശ്വാസം അനുഗ്രഹം *ലഭിക്കുന്നതിനു* ഇടയാകുന്നു എന്നാൽ തന്റെ പ്രവൃത്തിയും വാഗ്ദാനം ചെയ്ത അനുഗ്രഹവും തമ്മിൽ ബന്ധമില്ലെന്നു തിരിച്ചറിയുകയും ചെയ്യുന്നു. ഇതിനു നല്ല ഉദാഹരണമാണ് യെരിഹോം മതിലിനു ചുറ്റും പ്രദക്ഷിണം ചെയ്ത യെഹൂദന്മാർ. മതിലുകൾ, വീഴുവാനുള്ള വിശ്വാസം അവർക്കു ദൈവത്തിലുണ്ടായിരുന്നു എന്നു മാത്രമല്ല, മതിലിനു ചുറ്റുമുള്ള പ്രദക്ഷിണവും അതിന്റെ ഉദ്ദേശിച്ച ഫലം കാണാതെയുള്ള പ്രവൃത്തിയും അവർ ചെയ്യേണ്ടിയിരുന്നു.

ഇത്തരം സാഹചര്യങ്ങളിൽ, തന്റെ പ്രവൃത്തിയ്ക്കു *നേട്ടം കൈവരിക്കാൻ* കഴിയുകയില്ല എന്നു വിശ്വാസിക്കു അറിയാം; അതുകൊണ്ട് ദൈവം വാഗ്ദാനം ചെയ്ത *നേട്ടം ലഭിക്കുന്നതിനു* ദൈവത്തിലുള്ള വിശ്വാസത്തിന്മേൽ പ്രവൃത്തിക്കുന്നു. അത്തരം വിശ്വാസം പ്രവൃത്തിക്കു അനിവാര്യമാകുമ്പോൾ, വാഗ്ദാനം ചെയ്ത അനുഗ്രഹത്തെ ഒരാൾ മനസ്സിലാക്കണം; അല്ലെങ്കിൽ, അയാൾക്കു അന്ധമായി അനുസരിക്കാനേ കഴിയൂ. ദൈവം അങ്ങനെ ചെയ്യുമെന്നോ ആവശ്യപ്പെടുന്നതു, വാഗ്ദാനം ചെയ്തതു നിറവേറ്റുവാനാണെന്നു പ്രവൃത്തിയ്ക്കു മുൻപു തന്നെ മനസ്സിലാക്കണം. *വാഗ്ദാനം ചെയ്തതു പ്രാപിക്കുവാൻ ഒരാൾ പ്രവൃത്തിക്കുമെങ്കിൽ വാഗ്ദാനവുമായി ബന്ധമില്ലാതെ പോകുന്നു, അതിനാൽ, വാഗ്ദാനം ചെയ്തവനിൽ, വിശ്വസിച്ചു കൊണ്ടു ചെ യ്യുന്ന പ്രവൃത്തിയാകുന്നില്ല.*

**(5) മറ്റുള്ളവർക്കു പ്രയോജനപ്പെടുന്ന വിശ്വാസം**

ദൈവം അബ്രഹാമിനും, ഇസഹാക്കിനും, യാക്കോബിനും വാഗ്ദാനം ചെയ്തതു അവരുടെ പിൻഗാമികൾക്കാണ് (ഉല്പത്തി 12:7; 26:3; 35:12). *ഈ അനുഗ്രഹം മറ്റുള്ളവർക്കാണു ലഭിക്കുന്നതെങ്കിലും* അതു ദൈവം നിറവേറ്റുവാനുള്ള വിശ്വാസം അവർക്കു ദൈവത്തിൽ ഉണ്ടായിരുന്നു. ''അവരെല്ലാം വാഗ്ദത്ത നിവൃത്തി പ്രാപിക്കാതെ ദൂരത്തു, നിന്നു അതു കണ്ടു അഭിവന്ദിച്ചും ഭൂമിയിൽ തങ്ങൾ അന്യരും പരദേശികളും എന്നു ഏറ്റു പറഞ്ഞും കൊണ്ടു വിശ്വാസത്താൽ മരിച്ചു" (എബ്രായർ 11:13).

മറ്റുള്ളവർക്കു ലഭിക്കേണ്ട അനുഗ്രഹങ്ങളിൽ വിശ്വസിച്ചിരുന്നവരുടെ കൂടുതൽ ഉദാഹരണങ്ങൾ എബ്രായ ലേഖനത്തിൽ വിവരിക്കുന്നുണ്ട്: "വിശ്വാസത്താൽ ഇസഹാക്ക് യാക്കോബിനേയും ഏശാവിനേയും, ഭാവികാലം സംബന്ധിച്ചു അനുഗ്രഹിച്ചു. വിശ്വാസത്താൽ യാക്കോബ്, മരണകാലത്തിങ്കൽ, യോസേഫിന്റെ മക്കളെ ഇരുവരെയും അനുഗ്രഹിക്കുകയും, തന്റെ വടിയുടെ അറ്റത്തു ചാരി ക്കൊണ്ടു നമസ്കരിക്കുകയും, ചെയ്തു. വിശ്വാസത്താൽ യോസേഫ്, താൻ

മരിക്കാറായപ്പോൾ, യിസ്രായേൽ മക്കളുടെ പുറപ്പാടിന്റെ കാര്യം ഓർമ്മിപ്പിച്ചു, തന്റെ അസ്ഥികളെ കുറിച്ചു കല്പനകൊടുത്തു'' (എബ്രായർ 11:20–22). ഈ ആളുകൾക്കു അനുഗ്രഹങ്ങളിൽ വിശ്വാസ മുണ്ടായിരുന്നു. പക്ഷെ ആ അനുഗ്രഹങ്ങൾ മറ്റുള്ളവർക്കു ലഭിക്കു വാനുള്ളതായിരുന്നു.

**വിശ്വാസത്തിന്റെ പഴയനിയമ ഉദാഹരണങ്ങൾ**

വിശ്വാസത്താൽ അനുഗ്രഹിക്കപ്പെട്ട പഴയനിയമ കാലത്തെ ആളുകളുടെ ഉദാഹരണങ്ങൾ എബ്രായർ 11–ാം അദ്ധ്യായത്തിൽ നല് കുന്നുണ്ട്. ലഭിക്കേണ്ട അനുഗ്രഹങ്ങൾ കണക്കിലെടുക്കാതെ, ഈ ഉദാഹരണങ്ങളിൽ താഴെ കാണുന്ന മൂലകങ്ങൾ അടങ്ങിയിരിക്കുന്നു: (1) ദൈവത്തിൽ നിന്നുള്ള കല്പനയോ പ്രസ്താവനയോ, (2) ദൈവം പറഞ്ഞതു മനസ്സിലാക്കൽ, (3) മനുഷ്യന്റെ ഭാഗത്തു ഒരു അദൃശ്യമായ മൂലകം, (4) മനുഷ്യനാൽ ദൈവവചനം സ്വീകരിക്കൽ, (5) പ്രവത്തി ആവശ്യമായിരുന്നെങ്കിൽ മനുഷ്യരാലുള്ള ശരിയായ പ്രവൃത്തി വിശ്വാസത്തിനുള്ള അന്ധമായ അനുസരണം ആവശ്യപ്പെടുന്നില്ല. അതായതു, വിശ്വാസമില്ലാത്ത പ്രവൃത്തിയും വാഗ്ദാനവുമായി ബന്ധ പ്പെട്ട, പ്രവൃത്തിയെ മനസ്സിലാക്കലും ഇല്ലാത്ത പ്രവൃത്തി എന്നർത്ഥം.

**ഹാബേൽ**

''വിശ്വാസത്താൽ ഹാബേൽ ദൈവത്തിനു കയീന്റേതിലും ഉത്തമമായ ഒരു യാഗം കഴിച്ചു. അതിനാൽ അവനു നീതിമാൻ എ ന്ന സാക്ഷ്യം ലഭിച്ചു, ...'' (എബ്രായർ 11:4). ഹാബേലിന്റെ ത്യാഗം കയീ ന്റേതിലും ഉത്തമമായി തീരാൻ കാരണം എന്തെന്നു അസംഖ്യം പ്രാ വശ്യം ചോദിച്ചിട്ടുണ്ട്.

ചിലർ വിചാരിക്കുന്നതു *ത്യാഗവസ്തുവല്ല മനോഭാവമാണ്* പ്ര ശ്നമാക്കിയിരിക്കുന്നത് എന്നാണ്. എന്നാൽ, വേദഭാഗം, കാണിക്കുന്ന വ്യത്യാസം യാഗത്തിലാണ്; ''ഹാബേൽ ഉത്തമമായ യാഗം കഴിച്ചു''. വേറെ ചിലർ പറയുന്നതു കയ്യീന്റെ യാഗവസ്തുക്കൾ *ന്യായപ്രമാണ* പ്രകാരമായിരുന്നു, എന്നാണ് (ലേവ്യാപുസ്തകം 2:1–16). അതു വാസ്തവമാകാം, എന്നാൽ ന്യായപ്രമാണം കൊടുക്കുന്നതിനു *മുമ്പ്* അത്തരം യാഗങ്ങൾ സ്വീകാര്യമായിരുന്നോ?

ന്യായപ്രമാണത്തിനു മുമ്പ് നടത്തിയിരുന്ന യാഗം മൃഗയാ ഗമായിരുന്നു (കയീന്റേതുമാത്രം വേറിട്ടു നില്ക്കുന്നു). നോഹ, പെട്ട കത്തിൽ നിന്നു പുറത്തു വന്ന ശേഷം, യഹോവയ്ക്കു ഒരു യാഗ പീഠം പണിതു, ''ശുദ്ധിയുള്ള സകല മൃഗങ്ങളിലും ശുദ്ധിയുള്ളഎല്ലാ പറവകളിലും ചിലതു എടുത്തു യാഗപീഠത്തിന്മേൽ ഹോമയാഗം

അർപ്പിച്ചു" (ഉല്പത്തി 8:20). അബ്രഹാം ഒരു ആട്ടിൻ കൊറ്റനെ ഹോമ യാഗം കഴിച്ചു (ഉല്പത്തി 22:13).ഇസഹാക്കിന്റെ പ്രസ്താവന, തെളിയിക്കുന്നു, "... ഹോമയാഗത്തിനു ആട്ടിൻ കുട്ടിയെയാണ് യാഗമർപ്പിക്കേണ്ടതെന്നു?" (ഉല്പത്തി 22:7) ഇസ്രായേൽ ജനത്തിനു യാഗം കഴിപ്പാൻ മോശെ ഫറവോനോടു മൃഗങ്ങളെ ആവശ്യപ്പെടുന്നുണ്ട് (പുറപ്പാട് 10:25). എന്താണർപ്പിച്ചതെന്നു പറയാതെ യാഗമെന്നും വഴിപാടെന്നു മറ്റു വേദഭാഗങ്ങളിൽ പറയുന്നു (ഉല്പത്തി 31:54; 46:1; ഇയ്യോബ് 1:5).

ന്യായപ്രമാണത്തിനു മുമ്പുണ്ടായിരുന്ന രേഖപ്പെടുത്തിയ ഏകയാഗം മൃഗയാഗമായിരുന്നു അതു സൂചിപ്പിക്കുന്നതു ദൈവം *മൃഗ*യാഗമേ കല്പിച്ചിരുന്നുള്ളൂ എന്നാണ്. വെളിപ്പെടുത്തിയ ദൈവേഷ്ടത്തിലുള്ള വിശ്വാസത്താൽ അതു ചെയ്യണം (റോമർ 10:17), ദൈവം ആവശ്യപ്പെട്ട യാഗമായിരുന്നു ഹാബേൽ അർപ്പിച്ചത്, പക്ഷെ കയീൻ സ്വയമായി തിരഞ്ഞെടുത്തതാണ് യാഗമായി അർപ്പിച്ചത്, അതു ദൈവത്തിലുള്ള അന്ധമായ അനുസരണമായിരുന്നില്ല.

ഹാബേൽ വിശ്വാസത്താൽ യാഗം അർപ്പിച്ചതുകൊണ്ട്, അവന്റെ പ്രവൃത്തി അന്ധമായ അനുസരണമായിരു *ന്നില്ല*. ഒന്നുകിൽ അതു ദൈവത്തെ ആരാധിക്കുക എന്ന ഉദ്ദേശത്തിനു, അതായിരിക്കാ നാണ് കൂടുതൽ സാദ്ധ്യത, അല്ലെങ്കിൽ അതൊരു പാപയാഗമായിരുന്നു.

**നോഹ**

വിശ്വാസത്താലുള്ള പ്രവൃത്തിക്കു ഉദാഹരണമാണ് നോഹ യുടേത്, അന്ധമായ അനുസരണമായിരുന്നില്ല. കാരണം അവൻ ദൈവത്താൽ മുന്നറിയിക്കപ്പെട്ടിരുന്നു, അവൻ എന്തുകൊണ്ട് പെട്ടകം ഉണ്ടാക്കുന്നു എന്നവൻ അറിഞ്ഞിരുന്നു (ഉല്പത്തി 6:13-22). ആസന്നമായ ജല പ്രളയത്തേയും പെട്ടകത്തിൽ അവനേയും കുടുംബത്തേയും പെട്ടകം മുഖാന്തരം രക്ഷിക്കുമെന്നു ദൈവം അവനോടു പറഞ്ഞു അവൻ വിശ്വസിച്ചു. അവൻ പെട്ടകം പണിതതു ഒരു *ഉദ്ദേശത്തിനായിരുന്നു*: തന്നെയും, കുടുംബത്തേയും, മറ്റാരെല്ലാം അതിൽ കയറുന്നുവോ, അവരെയും രക്ഷിക്കുകയെന്നതായിരുന്നു. ദൈവം അവനോടു പറഞ്ഞതു കൊണ്ടു പെട്ടകം ഉണ്ടാക്കി, അതു അവനു താമസിക്കാൻ മാത്ര മായിരുന്നു എങ്കിൽ, തെറ്റായ ഉദ്ദേശത്തിനു വേണ്ടിയുള്ള പ്രവൃത്തി ദൈവം സ്വീകരിച്ചിരിക്കയില്ല എന്നു നിസംശയം പറയാം.

**അബ്രഹാം**

അന്ധമായി അനുസരിക്കാതെ വിശ്വാസത്താൽ പ്രവർത്തിച്ച

ഒരാളുടെ ഉദാഹരണമായിരുന്നു അബ്രഹാമിന്റേത്. ലക്ഷ്യം അവനു അറിയേണ്ട ആവശ്യമായിരുന്നു, എങ്കിലും ദൈവം അവനോടു വഴി പറഞ്ഞു കൊടുത്തിരുന്നു (ഉല്പത്തി 12:1–4), ദൈവം അവനോടു പറഞ്ഞ സ്ഥാനത്തു പോയാൽ തന്നെ ദൈവം അനുഗ്രഹിച്ചു വലിയ ജാതി ആക്കുമെന്ന അനുഗ്രഹ വാഗ്ദാനം ദൈവം നിറവേറ്റുമെന്ന് അവൻ ദൈവത്തിൽ വിശ്വസിച്ചു. ദൈവം അവനു വാഗ്ദാനം ചെയ്തതു അവൻ മനസ്സിലാക്കി വിശ്വസിച്ചു. ദൈവം അവനോടു എന്തു ചെയ്യണമെന്ന് പറഞ്ഞിരുന്നി *ല്ലെങ്കിൽ* അവൻ പോകുകയും ചെയ്തെങ്കിൽ, അതു അന്ധമായ അനുസരണം ആകുമായിരുന്നു; അവൻ മനസിലാക്കി, ദൈവ വാഗ്ദാനത്തിൽ വിശ്വസത്താൽ പ്രവർത്തിക്കയായിരുന്നു.

ധനികനാകുവാനും ശക്തനാകുവാനും, ആയിരുന്നു താൻ തന്റെ ചാർച്ചക്കാരേയും പിതൃദേശത്തേയും, വിട്ടുപോയിരുന്നതെങ്കിൽ, സാഹസികമായി അനുഭവിക്കാനോ, മറ്റെന്തെങ്കിലും കാരണം, നിമിത്തമാണ് അവൻ പോയിരുന്നതെങ്കിൽ അതു തെറ്റായ ഉദ്ദേശത്തിനു വേണ്ടി ആകുമായിരുന്നു. തീർച്ചയായും അത്തരം പ്രവർത്തികൾക്കു ദൈവം പ്രതിഫലം കൊടുക്കുമായിരു*ന്നില്ല*, ദൈവം, ഹൃദയങ്ങളെ പരിശോധിക്കുന്നവനാണ്, അബ്രഹാം തെറ്റായ ഉദ്ദേശത്തിനു, പ്രവർത്തി ച്ചിരുന്നുവെങ്കിൽ, ദൈവം അറിയുമായിരുന്നു. അപ്പോൾ വിശ്വാസം കൂടാതെ വാഗ്ദാനം നിറവേറ്റുവാൻ ആഗ്രഹിച്ചെന്നു വന്നേക്കും.

### യോശുവയും യിസ്രായേലും

"വിശ്വാസത്താൽ അവർ ഏഴു ദിവസം ചുറ്റി നടന്നപ്പോൾ, യെരിഹോ മതിൽ ഇടിഞ്ഞു വീണു" (എബ്രായർ 11:30). ഇസ്രായേൽ അന്ധമായി അനുസരിക്കയായിരുന്നില്ല, അവർ അതിനു ചുറ്റും ചുറ്റിനടന്നാൽ മതിൽ വീഴുമെന്ന ദൈവ വാഗ്ദാനം അവർ അറിഞ്ഞു വിശ്വസിച്ചിരുന്നു എന്നതായിരുന്നുകാരണം (യോശുവ 6:1–5). ദൈവം എന്തു ചെയ്യുമെന്നു പറയാതെ അതിനു ചുറ്റി നടക്കുവാനാണ്, ദൈവം പറഞ്ഞതെങ്കിൽ അതു അന്ധമായ അനുസരണം ആകുമായിരുന്നു. അപ്പോൾ അതു ദൈവത്തിലുള്ള വിശ്വാസത്തിന്മേൽ ആകുമായിരുന്നില്ല.

*നേടിയെടുക്കാനുള്ള* പ്രവർത്തിയും അനുഗ്രഹം *ലഭിക്കുന്നതിനുള്ള* പ്രവർത്തിയും തമ്മിലുള്ള അന്തരമാണ് ഈ ഉദാഹരണം കാണിക്കുന്നത്. യിസ്രായേൽ പോയി കൂടം കൊണ്ടു മതിൽ തകർത്തിടുകയായിരുന്നെങ്കിൽ, അതു അനുഗ്രഹം *നേടിയെടുക്കാനുള്ള* പ്രവർത്തി ആകുമായിരുന്നു. മറിച്ച്, അവർ വിശ്വാസത്താൽ, അവരുടെ പ്രവൃത്തിയും ഉദ്ദേശിച്ച ഫലവും തമ്മിൽ യാതൊരു ബന്ധവുമി

ല്ലാത്ത കാഴ്ചയാൽ അവർ അതു ചെയ്തു. ദൈവം മതിൽ വീഴ്ത്തുമെന്ന വിശ്വാസത്താൽ, അവർ മതിലിനു ചുറ്റും നടന്നു. അവരുടെ വിശ്വാസം തങ്ങളുടെ പ്രവർത്തിയിലായിരുന്നില്ല, ദൈവത്തിലായിരുന്നു.

ദൈവം എന്തിനാണ് ചുറ്റിനടക്കലും, ആർപ്പിടലും, ആട്ടിൻ കൊമ്പുകൊണ്ടു കാഹളമൂതലും തിരഞ്ഞെടുത്തത് എന്നു യിസ്രായേലും യോശുവയും അറിയേണ്ട ആവശ്യമില്ലായിരുന്നു. എങ്ങനെയായാലും, മതിൽ വീഴുമെന്നു ദൈവം വാഗ്ദാനം ചെയ്തതു വിശ്വാസത്തിനായി, അവർ മനസ്സിലാക്കേണ്ടിയിരുന്നു. അവർ ദൈവവാഗ്ദാനത്തെ മനസിലാക്കാതെ മറ്റുദ്ദേശങ്ങൾക്കു വേണ്ടി (വ്യായാമത്തിനോ പരിശീലനത്തിനോ), ആ പ്രവർത്തി ചെയ്തിരുന്നെങ്കിൽ അവർ ദൈവത്തിലുള്ള വിശ്വാസത്തിൽ മതിൽ വീഴേണ്ടതിനായിരിക്ക*ില്ല* പ്രവർത്തിച്ചത്. ദൈവം, ഹൃദയങ്ങളെ, അറിയുന്നവനാണ്. അവർ ദൈവവാഗ്ദാനത്താലുള്ള വിശ്വാസത്താലാണോ അല്ലയോ ചെയ്യുന്നതെന്നു ദൈവത്തിനു അറിയാമായിരുന്നു അവരുടെ പ്രവർത്തി വാഗ്ദാനം ചെയ്തതു പ്രാപിക്കേണ്ടതിനായിരുന്നില്ല, *എങ്കിൽ ആ ചുറ്റി നടക്കലിനു, വാഗ്ദാനവുമായി, ബന്ധമില്ല*, അതുകൊണ്ട് ദൈവത്തിലുള്ള *വിശ്വാസത്താലല്ല ചെയ്തതെന്നു വരുന്നു* അവർ അതിനെ ചുറ്റി നടന്നാൽ മതിൽ വീഴുമെന്ന ദൈവ വാഗ്ദാനത്തിൽ, വിശ്വസിച്ച് അങ്ങനെ പ്രവർത്തിച്ചതു കൊണ്ട് മതിൽ വീണു. അത്തരം വിശ്വാസം *കൂടാതെ യാണ്* അവർ ചുറ്റി നടന്നതെങ്കിൽ ദൈവം മതിൽ വീഴ്ത്തുമായിരു *ന്നില്ല*.

വിശ്വാസത്തിന്റെ മറ്റു ഉദാഹരണങ്ങൾ എബ്രായർ 11-ൽ കാണാം, എന്നാൽ താഴെ കാണുന്നവ തെളിയിക്കുന്നതിനു ഇതു മതി യാകും:

(1) ദൈവം ഒരു അനുഗ്രഹം തരുവാൻ അവനിൽ വിശ്വസിക്കുവാൻ ആവശ്യപ്പെടുമ്പോൾ അത് അന്ധമായ അനുസരണത്തേക്കാൾ വിശ്വാസമാണ് അനുഗ്രഹം, ലഭിക്കുവാൻ ആവശ്യം.

(2) ദൈവത്തിൽ വിശ്വാസമുണ്ടായിരുന്നവർക്കു ഒരു പ്രവർത്തി ചെയ്യുവാൻ ആ പ്രവൃത്തിയും അനുഗ്രഹവും, തമ്മിലുള്ള ബന്ധം എല്ലായ്പ്പോഴും മനസ്സിലാക്കിയിരുന്നില്ല, എന്നാൽ അവർക്കു അതു ചെയ്താൽ ദൈവം തന്റെ വാഗ്ദാനം നിറവേറ്റും എന്നു അവർ മനസിലാക്കിയിരുന്നു.

(3) ചിലപ്പോൾ ഒരാളുടെ പ്രവർത്തിയാൽ ലക്ഷ്യം നേടുവാൻ വിശ്വാസം ഒരു പ്രവൃത്തി ആവശ്യപ്പെടും.

(4) ചിലപ്പോൾ, പ്രതിഫലം കൊണ്ടു വരുന്നതിനു പകരം ദൈവം വരുത്തുവാനിരിക്കുന്നതു ലഭിക്കേണ്ടതിന്നു, വിശ്വാസത്തിനു പ്രവൃത്തി ആവശ്യമായി വരും.

(5) തന്റെ വാഗ്ദാന വചനം നിറവേറ്റേണ്ടതിനു ദൈവം

വിശ്വാസത്തെ പ്രേരിപ്പിക്കുന്ന പ്രവർത്തിയും ആവശ്യപ്പെടും.

### യാഗത്തിൽ ഉദ്ദേശിച്ചത്

പഴയനിയമത്തിൽ ഒരാൾ ദൈവത്തിനു യാഗം കൊണ്ടു വരുമ്പോൾ താൻ കൊണ്ടുവരുന്ന യാഗത്തിന്റെ രീതിയും, യാഗത്തിന്റെ ഉദ്ദേശവും മനസിലാക്കിയാണ് കൊണ്ടുവന്നിരുന്നത്.

യിസ്രായേൽ വ്യത്യസ്ത ഉദ്ദേശങ്ങൾക്കായി വിവിധയാഗ ങ്ങൾ അർപ്പിച്ചിരുന്നു: (1) ദഹനയാഗം (ലേവ്യാപുസ്തകം 1); (2) ഭോജന യാഗം (ലേവ്യാപുസ്തകം 2); (3) സമാധാനയാഗം (ലേവ്യാപുസ്തകം 3); (4) പാപയാഗം (ലേവ്യാപുസ്തകം 4); (5) കുറ്റങ്ങൾക്കുള്ള പാപയാഗം (ലേവ്യാപുസ്തകം 5). മറ്റു യാഗങ്ങൾ പ്രത്യേക അവസരങ്ങളിൽ ചെയ്തു വന്നിരുന്നു. ആദ്യഫലം, ആദ്യജാതൻ, രോഗങ്ങളിൽ നിന്നുള്ള ശുദ്ധീകരണം, പുരോഹിതന്റെ സ്ഥാനാഭിഷേകം തുടങ്ങിയവയാണ് അവ. ഓരോന്നും വിവിധ രീതിയിൽ; വിവിധ ഉദ്ദേശങ്ങൾക്കായി ചെ യ്തു വന്നിരുന്നു.

വഴിപാടിന്റെ ഉദ്ദേശം ഒരു ഭാഗത്ത് ആവശ്യപ്പെട്ടിരുന്നു. അറിയാതെ ഒരാൾ പാപം ചെയ്താൽ ഒരു മൃഗത്തെ കൊണ്ടു വന്നു "താൻ ചെയ്ത അകൃത്യത്തിനായി" അർപ്പിക്കണമായിരുന്നു. (ലേവ്യാപുസ്തകം 4:28) *മറ്റു ഉദ്ദേശങ്ങൾക്കും* അവനു വഴിപാട് കഴിക്കാമായിരുന്നു, എന്നാൽ അകൃത്യയാഗത്തിന് അവൻ *പാപ*യാഗം അർപ്പിക്കണമായിരുന്നു. ഒരു പാപയാഗം അർപ്പിക്കുവാൻ ദൈവം കല്പിച്ച യാഗംമാത്രം പോരായിരുന്നു. യാഗം അവൻ ചെയ്ത പാപത്തിന് വേണ്ടിയായിരുന്നു. യാഗം കഴിക്കുന്നവൻ, ശരിയായ ഉദ്ദേശത്തോടെയല്ലെങ്കിൽ അവൻ ദൈവത്തെ അനുസരിക്കുന്ന യാഗമാണെങ്കിലും, അതേസമയത്തു ദൈവത്തെ അനുസരിക്കാതെ തെറ്റായ ഉദ്ദേശം വെച്ചുകൊണ്ടാണ് അതു ചെയ്യുന്നതു.

*വിശ്വസവും അനുസരണവും പ്രവൃത്തിയുടെ ഭാഗമായിരിക്കുന്നതുപോലെ ഉദ്ദേശവും പ്രവൃത്തിക്കു പിന്നിലുണ്ടാകണം.ശരിയായ പ്രവൃത്തി തെറ്റായ ഉദ്ദേശത്തിനു ചെയ്യുന്നതും തെറ്റായ പ്രവൃത്തി ചെയ്യുന്നതും അനുസരണക്കേടു തന്നെയാണ്.*

### ഹൃദയവും യാഗവും

പരിഗണിക്കേണ്ട മറ്റൊരു പ്രധാനകാര്യം, യാഗം കഴിക്കുന്ന വ്യ ക്തിയുടെ *മനോഭാവമാണ്*. ഒരു യാഗം ദൈവത്തിനു കഴിക്കുമ്പോൾ അതു ശൂന്യമായ ചടങ്ങായോ, ആഘോഷമായോ നിസാരമായ അനുസരണമായോ ചെയ്യുവാനല്ല കല്പിച്ചത്. യാഗത്തിന്റെ ഉദ്ദേശവും അ ർത്ഥവും മനസിലാക്കി ചെയ്യുവാനാണ് ദൈവം ആഗ്രഹിച്ചത്. അതു മനസി*ലാ*

*ക്കാതെ*യും അന്തരംഗവുമായി അതിനു ബന്ധമി*ല്ലാതെ*യും ചെയ്താൽ അതു ദൈവം അനുഗ്രഹിക്കുന്ന പ്രതികരണം ആകുന്നില്ല.

ഒരാൾ ദൈവത്തിനു യാഗം അർപ്പിക്കുമ്പോൾ, ദൈവം യാഗ ത്തിൽ മാത്രമല്ല സന്തോഷിക്കുന്നത് നുറുങ്ങിയ മനസും തകർന്ന ഹൃദ യവും ഉള്ളവർ കൂടെ ആകണം:

> ഹനനയാഗം നീ ഇഛരിക്കുന്നില്ല, അല്ലെങ്കിൽ ഞാൻ അർപ്പിക്കുമാ യിരുന്നു; ഹോമയാഗത്തിൽ നിനക്കു പ്രസാദവുമില്ല. ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സും; തകർന്നും നുറു ങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവമേ, നീ നിരസിക്കയില്ല (സങ്കീർത്തനങ്ങൾ 51:16, 17).

ഹൃദയത്തിൽ അലിവുള്ള ഏതൊരാൾക്കും തന്റെ പാപം നിമിത്ത മാണ് കുറ്റമില്ലാത്ത നിരപരാധിയായ മൃഗത്തെ, കൊല്ലേണ്ടി വന്നതു എന്നു തോന്നും. അങ്ങനെ അവൻ തന്റെ വഴികളെ മാറ്റു വാൻ പ്രേരിതനാകും. യാഗത്തിനു വേണ്ടി യാഗം നടത്തുന്നതിൽ ദൈവം പ്രസാദിക്കുന്നില്ല എന്നു ധാരാളം വേദഭാഗങ്ങൾ പറയുന്നുണ്ട്. പകരം ഹൃദയത്തിൽ നല്ല മനോഭാവത്തോടും ഉദ്ദേശത്തോടും കൂടെ ആഗ്ര ഹിച്ചു യാഗം, അർപ്പിക്കണം (സങ്കീർത്തനങ്ങൾ 40:6-8; 51:16, 17; യെശയ്യാവ് 1:10-14; 66:3; യിരെമ്യാവ് 6:19, 20; 7:22, 23; ഹൊശേയ 6:6; ആമോസ് 5:21-24; മീഖാ 6:6-8.)

“അന്തരംഗത്തിലെ സത്യമല്ലോ നീ ഇഛരിക്കുന്നത്, അന്തരംഗ ത്തിൽ എന്നെ ജ്ഞാനം ഗ്രഹിപ്പിക്കേണമേ, ...” (സങ്കീർത്തനങ്ങൾ 51:6). അന്തരംഗത്തിലെ സത്യത്താൽ ഹൃദയത്തിൽ ആഗ്രഹിച്ചു യാഗം അർ പ്പിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത് (സദൃശവാക്യങ്ങൾ 16:2; 21:2).

**ഉപസംഹാരം**

ഏതാനും ചില കാര്യങ്ങളിൽ ദൈവം അന്ധമായ അനുസ രണം ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സാധാരണ ദൈവം വാഗ്ദാനം ചെയ്തതു നിറവേറ്റും എന്ന വിശ്വാസമാണ് ആവശ്യപ്പെടുന്നത്. അ ത്തരം വിശ്വാസം ശരിയായ പ്രവൃത്തി, മാത്രമല്ല ആവശ്യപ്പെടുന്നത്, ദൈവേഷ്ടം, മനസ്സിലാക്കണമെന്നും ആഗ്രഹിക്കുന്നു. ദൈവം വാഗ്ദാനം, ചെയ്തതിൽ ശ്രദ്ധിക്കണം. അതോടൊപ്പം ഹൃദയത്തിലെ നല്ല ഉദ്ദേശവും മനോഭാവവും ദൈവം ആവശ്യപ്പെടുന്നു.